പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3057

13.07.2015-ൽ മറുപടിക്ക്.

## കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിനകം എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br><br>(സി) നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | : (എ)യും (ബി)യും (സി)യും) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24.02.2014 പ്രകാരം നിലവിൽ വന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

ഈ പദ്ധതിയുടെ സെക്ഷൻ 4 പ്രകാരം കുറ്റകൃത്യത്തിന് ഇരയാകുന്നവർക്കോ അവരുടെ ആശ്രിതർക്കോ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്

(a) Cr.PC സെക്ഷൻ 357, A സബ് സെക്ഷൻ (2), (3) അനുസരിച്ച് കോടതി ശുപാർശ ചെയ്തിരിക്കണം.

(b) Cr.PC സെക്ഷൻ 357 അനുസരിച്ചുള്ള നഷ്ടപരിഹാരം ഇരയുടെ പുനഃരധിവാസത്തിന് അപര്യാപ്തമായി തീരുന്ന സാഹചര്യത്തിലും, കുറ്റവാളി കുറ്റവിമുക്തമാക്കപ്പെടുകയും, ഇരകൾക്ക് പുനഃരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരിക്കുകയും വേണം.

(c) കുറ്റവാളിയെ തിരിച്ചറിയാതിരിക്കുകയോ/ കണ്ടെത്താതിരിക്കുകയോ ചെയ്യുകയും ഇരയെ തിരിച്ചറിയുകയും അവരുടെ പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടായിരിക്കണം.

(d) കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥർ ബോർഡുകൾ, കോർപ്പറേഷനുകൾ, പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കൂടാതെ കുടുംബ വരുമാനം ക്രീമിലേയർ പരിധി അധികരിച്ചിട്ടുള്ളവർക്കും ഈ പദ്ധതിപ്രകാരം നഷ്ടപരിഹാരം ലഭിക്കുവാൻ അർഹരല്ല.

കൂടാതെ സംസ്ഥാനത്തിനകത്ത് നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. എന്നാൽ സംസ്ഥാനത്തിന് വെളിയിൽ കുറ്റകൃത്യം നടക്കുകയും ഇരയെ സംസ്ഥാനത്തിനകത്ത് കണ്ടെത്തപ്പെടുകയും ചെയ്താൽ സി.ആർ.പി.സി 357 എ Sub Section (6) പ്രകാരം ഇടക്കാല ആശ്വാസം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

Rema.v

സെക്ഷൻ ഓഫീസർ